LIBRARY ARCHIVES Kerala Legislative Assembly

വർക്കല, വെട്ടൂർ, ചെമ്മരുതി എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ പദ്ധതികൾ

44 (2611) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല, വെട്ടൂർ, ചെമ്മരുതി എന്നീ സ്ഥലങ്ങളിലെ ശുദ്ധജല വിതരണ പദ്ധതികളിൽ നിന്ന് ആവശ്യമായ വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിലെ ജല വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന വെട്ടൂർ പഞ്ചായത്തിലെ താഴെ വെട്ടൂർ ഊറ്റുകുഴി എന്ന സ്ഥലത്ത് വേണ്ടുവോളം വെള്ളമുള്ള ഉറവയിൽ നിന്നും ജലവിതരണപദ്ധതി നടപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(ഇ) ചെമ്മരുതി പഞ്ചായത്തിലെ കണ്വാശ്രമം അറബിക് കോളേജ് പ്രദേശത്ത് നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുള്ള കുഴൽക്കിണർ അടിയന്തിരമായി കുഴിച്ച് വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലെ സ്രോതസ്സുകളിലെ ജല ലഭ്യത കുറയുന്നതു കാരണമാണ് ജലക്ഷാമം അനുഭവപ്പെടുന്നത്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത ജലസ്രോതസ്സ് പരിശോധിച്ച് ജലവിതരണ പദ്ധതി നടപ്പാക്കാനുള്ള സാദ്ധ്യത ഉറപ്പാക്കി നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

വെള്ളക്കരം പിരിച്ചെടുക്കുന്നതിന് നടപടി

45 (2612) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരിൽ നിന്നും 1998-99 സാമ്പത്തിക വർഷം വരെ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ എത്രസംഖ്യ പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ;